"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ പദ്ധതി പ്രകാരം റൂറൽ ഏര്യയിൽ ഉള്ള ഭവനസമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(കൈ) നം.103/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/08/2019

---

പരാമർശം:- 1 സ.ഉ (എംഎസ്) നം.78/2019/തസ്വഭവ തീയതി. 03.07.2019

2 26.06.2019 തീയതിയിലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ സി യോഗത്തിന്റെ നടപടിക്കുറിപ്പ്.

3 ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ 15.07.2019 ലെ എൽ.എം3/2019/ലൈഫ് നമ്പർ കത്ത്

## ഉത്തരവ്

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി റൂറൽ ഏര്യയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിനാണെന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധനയോടെ പരാമർശം 1ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

2. പരാമർശം 2 ലെ ലൈഫ് മിഷൻ 8-ാമത് എസ്.എൽ.ഇ.സി യോഗനടപടിക്കുറിപ്പിലെ ആറാം നമ്പർ തീരുമാന പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപന വക സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ആയതിനാൽ പരാമർശം ഒന്നിലെ ഉത്തരവിൽ ഭേദഗതി വരുത്തണമെന്നും പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 2ലെ ലൈഫ് മിഷൻ 8-ാമത് എസ്എൽഇസി യോഗനടപടിക്കുറിപ്പുകളിലെ 6-ാം നമ്പർ തീരുമാനപ്രകാരം പരാമർശം 1ലെ സർക്കാർ ഉത്തരവിലെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിനായി റൂറൽ ഏര്യയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിനാണെന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധന ഒഴിവാക്കി ഉത്തരവാകുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം( 1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്